തദ്ദേശസ്ഥാപനങ്ങളുടെ വിഭജനവും സംയോജനവും

11 (*581) ശ്രീ. കെ. കഞ്ഞിരാമൻ (തൃക്കരിപ്പൂർ) :

ശ്രീ. കോടിയേരി ബാലകൃഷ്ണൻ :

ശ്രീമതി കെ. കെ. ലതിക :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വരാൻ പോകുന്ന തെരഞ്ഞെടുപ്പിനെ മുൻനിർത്തി അശാസ്ത്രീയമായി വിഭജിച്ചും സംയോജിപ്പിച്ചും പുതിയ തദ്ദേശ സ്ഥാപനങ്ങൾക്ക് രൂപം നൽകുന്നത് ജനാധിപത്യ വിരുദ്ധമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിഭജനത്തിനും സംയോജനത്തിനും എന്തെങ്കിലും ശാസ്ത്രീയമായ മാനദണ്ഡം പാലിക്കപ്പെടുകയുണ്ടായോ ;

(സി) എത്ര ആക്ഷേപങ്ങൾ ഇക്കാര്യത്തിലുണ്ടായി; ജനാധിപത്യപരമായ തീരുമാനങ്ങളോട് കൂടി പരാതികൾ തീർപ്പാക്കാൻ സാധ്യമായിട്ടുണ്ടോ ?

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) :

(എ) മാനദണ്ഡങ്ങൾക്ക് അനുസൃതമായി രൂപീകരിച്ച തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും പരിഗണിച്ചാണ് പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുള്ളത്.

(ബി) പാലിക്കപ്പെടുകയുണ്ടായി.

(സി) ഗ്രാമപഞ്ചായത്തുകൾ/നഗരസഭകൾ/കോർപ്പറേഷൻ രൂപീകരണം/ വിഭജനം/കൂട്ടിച്ചേർക്കൽ/കൂട്ടിയിണക്കൽ തുടങ്ങിയ നടപടികളുടെ ഭാഗമായി 1530 പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികൾ ജനാധിപത്യപരമായ തീരുമാനങ്ങളോടുകൂടി തീർപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് പുനഃക്രമീകരണം സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള 35526/ഇഎം.3/2015/ തസ്വഭവ നമ്പർ കരട് വിജ്ഞാപനത്തിൻമേൽ 340 ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly